നമ്പർ. സി.പി(6)18865/2014 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി : 26.04.2014

Email: keralarcs.coop@kerala.gov.in
website : www.cooperation.kerala.gov.in
Fax : 0471-2331513
Tel-0471-2330726

# സർക്കുലർ നമ്പർ. 17/2014

വിഷയം : സഹകരണ വകുപ്പ് - പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ - സർക്കാർ/ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി കൂടാതെ NABARD ൽ നിന്നും മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നും നേരിട്ട് ധനസഹായം സ്വീകരിക്കുന്നത് - കർശനനിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന : 24.04.2014 ൽ ചേർന്ന ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാരുടെ യോഗ തീരുമാനം.

................

സംസ്ഥാനത്തെ ചില പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാറുടെയോ, ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറുടെയോ സർക്കാരിന്റെയോ നിർദ്ദേശമോ അനുമതിയോ കൂടാതെ NABARD/മറ്റ്ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേരിട്ട് ധനസഹായം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ വായ്പാ മേഖലയിൽ നിലനിൽക്കുന്ന ത്രിതല സംവിധാനത്തെ മേൽ നടപടികൾ ബാധിക്കുമെന്നതിനാലും സഹകരണ മേഖലയിലെ സാമ്പത്തിക അച്ചടക്കത്തെയും സാരമായി ബാധിക്കുമെന്നതിനാലും സഹകരണസംഘം രജിസ്ട്രാറുടെയോ/സർക്കാരിന്റെയോ നിർദ്ദേശമോ അനുമതിയോ കൂടാതെ NABARD/മറ്റ്ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്നും യാതൊരുകാരണവശാലും ധനസഹായം വാങ്ങരുതെന്നും അതാതു ജില്ലകളിലെ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും മാത്രമേ ധനസഹായം വാങ്ങാവൂ എന്നും കർശന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഇതിനകം ഇപ്രകാരം ഏതെങ്കിലും സംഘങ്ങൾ ധനസഹായം വാങ്ങിയിട്ടുണ്ടെങ്കിൽ തുക ഉടൻ തിരികെ അടയ്ക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം നിർദ്ദേശം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ നൽകേണ്ടതാണ്. ടി നിർദ്ദേശം വിഗണിക്കുന്ന സംഘങ്ങൾക്കെതിരെ 1969 ലെ കേരള സഹകരണ നിയമം/ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും, അസിസ്റ്റന്റ് ജിസ്ട്രാർ (ജനറൽ) മാരും തങ്ങളുടെ ഭരണനിയന്ത്രണത്തിലുള്ള സംഘങ്ങൾ ഇപ്രകാരം രജിസ്ട്രാറുടേയോ, ജോയിന്റ് രജിസ്ട്രാറുടേയോ അനുവാദമില്ലാതെ ധനസഹായം കൈപ്പറ്റിയിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതും, ഏതെങ്കിലുംസംഘം അപ്രകാരം ധനസഹായം വാങ്ങിയിട്ടുണ്ടെങ്കിൽ, ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ഇക്കാര്യം റിപ്പോർട്ട് ചെയ്യാതി രിക്കുകയോ, പരിശോധന നടത്തി അപ്രകാരം ധനസഹായം വാങ്ങിയിട്ടില്ലെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ചവരുത്തിയതായും ശ്രദ്ധയിൽപ്പെട്ടാൽ ടി ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓർമ്മപ്പെടുത്തുന്നു.

**ഒപ്പ്**

**സഹകരണ സംഘം രജിസ്ട്രാറുടെ**

**ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)**